LIBRARY ARCHIVES Kerala Legislative Assembly

ദുരന്ത നിവാരണ സമിതികൾ

167 (5520) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ദുരന്തനിവാരണ സമിതികൾ രൂപീകരിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ദുരന്ത നിവാരണ സമിതികളുടെ രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ആലപ്പുഴ ജില്ലയിൽ ദുരന്തനിവാരണ സമിതികൾ രൂപീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തീപ്പലിശ്ശേരി സെന്റർ - പള്ളിക്കുളം - ചിറമനേങ്ങാട് - തങ്കമണി സെന്റർ റോഡ് വീതി കൂട്ടി ടാറിംഗ്

168 (5521) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ ആസ്തിവികസന സ്കീമിൽ നിന്നും 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുള്ളതുമായ തീപ്പലിശ്ശേരി സെന്റർ-പള്ളിക്കുളം-ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് വീതികൂട്ടി ടാറിംഗ് ചെയ്യുന്ന പ്രവർത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) ഈ പ്രവൃത്തി ടെണ്ടർ എടുത്തതും എഗ്രിമെന്റ് വച്ചതും എന്നാണ് ;

(സി) തകർന്ന് ഗതാഗത യോഗ്യമല്ലാതായ ഈ റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് : വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പള്ളിക്കുളം - ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് വീതികൂട്ടി വീടാറിംഗ് ചെയ്യുന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റൽ, കോൺട്രാക്ടർ സൈറ്റിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. റോഡ് വീതികൂട്ടുവാൻ ഇപ്പോൾ നിലവിലുള്ള വൈദ്യുതിക്കാലുകൾ മാറ്റിസ്ഥാപിക്കേണ്ടുന്നതിനാൽ കെ.എസ്.ഇ.ബി.-യിൽ ടി നടപടികൾക്ക് ആവശ്യമായ ഇക ഒടുക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ ക്ഷണിച്ച തീയതി - 14-12-2014-ലെ ഇ-ടെണ്ടർ 62/14-15

എഗ്രിമെന്റ് വച്ച തീയതി-5-3-2015-ലെ എഗ്രിമെന്റ് നമ്പർ 213(എ) ഇഇ/എൽ.എസ്.ജി.ഡി./14-15

(സി) എഗ്രിമെന്റ് പ്രകാരം 6 മാസമാണ് പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലാവധി. വൈദ്യുതിക്കാലുകൾ മാറ്റുവാൻ കാലതാമസം വരുന്നതിനാൽ 2 മാസംകൂടി കാലാവധി ദീർഘിപ്പിച്ച് നവംബർ 2015-ൽ പ്രവൃത്തി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

മാലിന്യവിമുക്ത കേരളം

169 (5522) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യ മുക്തമാക്കാനായി ഈ സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി ; ഇതിനായി ഓരോ വർഷവും നീക്കിവച്ച ഇകയെത്രയാണ് ; ഓരോ വർഷവും ലഭിച്ച കേന്ദ്ര സഹായം എത്രയാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിനായി എന്തെങ്കിലും വിദേശസഹായമോ മറ്റ് സഹായങ്ങളോ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ലഭിച്ച ഇക എത്രയാണ് ; മാലിന്യവിമുക്ത കേരളത്തിനായി ഓരോ വർഷവും ചെലവാക്കിയ ഇക എത്രയാണ് ?